## തിരുവനന്തപുരം ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്

### പുറപ്പെടുവിക്കുന്നത് : ബി.ആർ. യമുന

വിഷയം : വനം വകുപ്പ് - ജീവനക്കാര്യം - ലോവർ ഡിവിഷൻ ക്ലാർക്കുമാർക്ക് അപ്പർ ഡിവിഷൻ ക്ലാർക്കുമാരെ സ്ഥാനക്കയറ്റം നൽകിക്കൊണ്ടുള്ള ഉത്തരവ് - സംബന്ധിച്ച്.

സൂചന :
1. ഈ ഓഫീസിലെ 18.10.2012, 06.11.2012 എന്നീ തീയതികളിലെ ഇ3-5555/10 നമ്പർ ഉത്തരവ്.
2. സർക്കാർ ഉത്തരവ് നമ്പർ പി നമ്പർ 5/89/P&ARD തീയതി 16.03.1989.
3. സർക്കാർ ഉത്തരവ് നമ്പർ 301/68/PD തീയതി 26.09.1968.
4. ലോവർ ഡിവിഷൻ ക്ലാർക്കുമാരുടെ 10.10.2010 തീയതി കണക്കാക്കി 07.06.2011-ലെ ഇ5-678/09 നമ്പർ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച താൽക്കാലിക സീനിയോരിറ്റി ലിസ്റ്റ്.

### ഉത്തരവ് നമ്പർ ഇ3- 6704/11 തീയതി 20.11.2012

വനം വകുപ്പിൽ സൂചന (1) ഉത്തരവുകൾ പ്രകാരം 10 അപ്പർ ഡിവിഷൻ ക്ലാർക്കുമാർക്ക് ഹെഡ് അക്കൗണ്ടന്റുമാരായി സ്ഥാനക്കയറ്റം നൽകിയിരുന്നു. കൂടാതെ ഒരു അപ്പർ ഡിവിഷൻ ക്ലാർക്ക് 31.10.2012-ൽ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുണ്ട്. ആയത് പ്രകാരം വനം വകുപ്പിൽ നിലവിൽ 11 അപ്പർ ഡിവിഷൻ ക്ലാർക്കുമാരുടെ ഒഴിവ് ഉണ്ടായിട്ടുണ്ട്. സൂചന (4) പ്രകാരം പ്രസിദ്ധീകരിച്ച ലോവർ ഡിവിഷൻ ക്ലാർക്കുമാരുടെ താൽക്കാലിക സീനിയോരിറ്റി ലിസ്റ്റ് പ്രകാരം താഴെ പേരു ചേർക്കുന്ന 11 ലോവർ ഡിവിഷൻ ക്ലാർക്കുമാർ അപ്പർ ഡിവിഷൻ ക്ലാർക്കുമാരായി സ്ഥാനക്കയറ്റ ത്തിന് യോഗ്യത നേടിയിട്ടുണ്ട്.

| ക്രമ നമ്പർ | പേരും, ഇപ്പോൾ ജോലിനോക്കുന്ന ഓഫീസും | 07.06.11-ലെ ലോവർ ഡിവിഷൻ ക്ലാർക്കുമാരുടെ സീനിയോരിറ്റി ലിസ്റ്റിലെ സ്ഥാനം | പ്രൊബേഷൻ ഡിക്ലയർ ചെയ്ത തീയതി | യോഗ്യത നേടിയ തീയതി |
|---|---|---|---|---|
| 1. | മാത്യു ജോൺ<br>പെരിയാർ ഈസ്റ്റ് ഡിവിഷൻ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസ് | 180 | 14.01.2010 | 01/2011 |
| 2. | വിനോദ്.വി.<br>ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസ്, ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരം | 183 | 14.07.2009 | പട്ടികജാതി/പട്ടിക വർഗ്ഗം (ടെസ്റ്റ് പാസ്സാകുന്നതിൽ ഇളവ്) |
| 3. | രാജശേഖരൻ.പി.<br>നെന്മാറ ഡിവിഷൻ | 192 | 23.12.2006 | 7/2007 |

| | | | | |
|---|---|---|---|---|
| 4. | മീരാ മുകുന്ദൻ.കെ.<br>മലയാറ്റൂർ ഡിവിഷൻ | 193 | 02.08.2008 | പട്ടികജാതി/പട്ടിക വർഗ്ഗം (ടെസ്റ്റ് പാസ്സാകുന്നതിൽ ഇളവ്) |
| 5. | നജീബ്.കെ.എസ്.<br>മാങ്കുളം ഡിവിഷൻ | 194 | 01.01.2007 | 01/2006 |
| 6. | കനകം.എസ്.<br>പാലക്കാട് ഡിവിഷൻ | 195 | 11.02.2007 | 01/2011 |
| 7. | സക്കീർ ഹുസൈൻ.എ.<br>കൊല്ലങ്കോട് റെയിഞ്ച് | 196 | 19.01.2007 | 07/2009 |
| 8. | സുധീന്ദ്രൻ.സി.<br>ടിംബർ സെയിൽസ് ഡിവിഷൻ, കോഴിക്കോട് | 197 | 01.01.2007 | 01/2007 |
| 9. | ധനേഷ് ബാബു.പി.പി.<br>നോർത്തേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസ്, കണ്ണൂർ | 199 | 11.01.2007 | 7/2010 |
| 10. | രാജീവ്. വി.ആർ.<br>കോട്ടയം ഡിവിഷൻ | 201 | 12.01.2009 | 07/07 |
| 11. | കൃഷ്ണനുണ്ണി.പി.<br>ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ (വൈൽഡ്‌ലൈഫ്) ഓഫീസ്, പാലക്കാട് | 205 | 07.02.2007 | 6/2006 |

മേൽ പേരു ചേർത്ത ലോവർ ഡിവിഷൻ ക്ലാർക്കുമാരിൽ ക്രമനമ്പർ 1-ന് 18.10.2012 പ്രാബല്യത്തിലും, ക്രമനമ്പർ 2 മുതൽ 11 വരെ 06.11.2012 പ്രാബല്യത്തിലും കെ.എസ്.& എസ്.എസ്.ആർ. ചട്ടം 28 (ബിബിബി)ക്ക് വിധേയമായി 13210-330-13540-360-14980-400-16980-440-18740-500-21240-560-22360 രൂപ ശമ്പള സ്കെയിലിൽ അപ്പർ ഡിവിഷൻ ക്ലാർക്കുമാരായി സ്ഥാനക്കയറ്റം നൽകിക്കൊണ്ട് ഉത്തരവാകുന്നു. 16.03.1989-ലെ 5/89/പി&എആർഡി നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മേൽ പേരുചേർത്ത ഉദ്യോഗസ്ഥർ ഇപ്പോൾ ജോലി ചെയ്യുന്ന ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികകൾ അപ്പർ ഡിവിഷൻ ക്ലാർക്ക് തസ്തികകളായി ഉയർത്തി അതാത് ഓഫീസുകളിൽ തുടരുവാൻ അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

ഈ ഉത്തരവ് പ്രകാരം 11 ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികകൾ അപ്പർ ഡിവിഷൻ ക്ലാർക്ക് തസ്തികകളായി ഉയർത്തിയതിനെ തുടർന്ന് താഴെപ്പറയുന്ന ഓഫീസുകളിലെ അപ്പർ ഡിവിഷൻ ക്ലാർക്കുമാരുടെ 11 ഒഴിവുകൾ ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികകളായി താഴ്ത്തിക്കൊണ്ടും ഉത്തരവാകുന്നു.

| ക്രമ നമ്പർ | ഓഫീസിന്റെ പേര് | തസ്തികകളുടെ എണ്ണം |
|---|---|---|
| 1 | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ (ഫ്ളൈയിംഗ് സ്ക്വാഡ്), തിരുവനന്തപുരം | 1 - ഹെഡ് അക്കൗണ്ടന്റായി സ്ഥാനക്കയറ്റം ലഭിച്ചതുമൂലമുണ്ടായ ഒഴിവ് |
| 2. | വൈൽഡ്‌ലൈഫ് ഡിവിഷൻ, ഇടുക്കി | 1 - ഹെഡ് അക്കൗണ്ടന്റായി സ്ഥാനക്കയറ്റം ലഭിച്ചതുമൂലമുണ്ടായ ഒഴിവ് |

| | | |
|---|---|---|
| 3. | കാസർഗോഡ് ഡിവിഷൻ | 2 - ഹെഡ് അക്കൗണ്ടന്റായി സ്ഥാനക്കയറ്റം ലഭിച്ചതുമൂലമുണ്ടായ ഒഴിവ് |
| 4. | ഫോറസ്റ്റ് റിസോഴ്സ് സർവ്വേ സെൽ, തൃശൂർ | 1 - ഹെഡ് അക്കൗണ്ടന്റായി സ്ഥാനക്കയറ്റം ലഭിച്ചതുമൂലമുണ്ടായ ഒഴിവ് |
| 5. | സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ കോഴിക്കോട് | 1 - ഹെഡ് അക്കൗണ്ടന്റായി സ്ഥാനക്കയറ്റം ലഭിച്ചതുമൂലമുണ്ടായ ഒഴിവ് |
| 6. | ഫ്ളൈയിംഗ് സ്ക്വാഡ് ഡിവിഷൻ കോഴിക്കോട് | 1 - ഹെഡ് അക്കൗണ്ടന്റായി സ്ഥാനക്കയറ്റം ലഭിച്ചതുമൂലമുണ്ടായ ഒഴിവ് |
| 7. | ടിംബർ ഡിപ്പോ, വെട്ടിക്കാട് | 1 - ഹെഡ് അക്കൗണ്ടന്റായി സ്ഥാനക്കയറ്റം ലഭിച്ചതുമൂലമുണ്ടായ ഒഴിവ് |
| 8. | കാഞ്ഞങ്ങാട് റെയിഞ്ച് | 1 - ഹെഡ് അക്കൗണ്ടന്റായി സ്ഥാനക്കയറ്റം ലഭിച്ചതുമൂലമുണ്ടായ ഒഴിവ് |
| 9. | സൈലന്റ് വാലി നാഷണൽ പാർക്ക് ഡിവിഷൻ, മണ്ണാർക്കാട്. | 1 - ഹെഡ് അക്കൗണ്ടന്റായി സ്ഥാനക്കയറ്റം ലഭിച്ചതുമൂലമുണ്ടായ ഒഴിവ് |
| 10. | സതേൺ സർക്കിൾ, കൊല്ലം. | 1 - അപ്പർ ഡിവിഷൻ ക്ളാർക്ക് വിരമിച്ചതുമൂലമുണ്ടായ ഒഴിവ് |

ഈ ഉത്തരവ് പ്രകാരം നിലവിൽ വരുന്ന 11 ലോവർ ഡിവിഷൻ ക്ലാർക്കുമാരുടെ ഒഴിവുകൾ ബന്ധപ്പെട്ട നിയമനാധികാരികൾ യഥാസമയം പബ്ലിക്ക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യേണ്ടതുണ്ട്. എന്നാൽ 2011-12 സാമ്പത്തിക വർഷത്തിൽ റിട്ടയർമെന്റ് ഉണ്ടാകുമായിരുന്ന ഒഴിവുകൾ കണക്കാക്കി സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിക്കുകയും അതിലേക്ക് പബ്ലിക്ക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം നടത്തുകയും ചെയ്ത ഒഴിവുകൾ കഴിച്ച് ബാക്കിയുള്ള ഒഴിവുകൾ ഏത് രീതിയിലാണെന്ന് കണക്കാക്കി മാത്രമേ പബ്ലിക്ക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യേണ്ടതുള്ളൂവെന്നും ഇതിനാൽ ഉത്തരവാകുന്നു.

Yamuna BR

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ് :

1. വ്യക്തികൾക്ക്. മേലധികാരികൾ മുഖേന.
2. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്.
3. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്ലൈഫ്) & ചീഫ് വൈൽഡ്ലൈഫ് വാർഡൻ
4. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ.........................
5. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, (നോർത്തേൺ സർക്കിൾ)/ (ഈസ്റ്റേൺ സർക്കിൾ)/ (സെൻട്രൽ സർക്കിൾ)/ (ഹൈറേഞ്ച് സർക്കിൾ)/ (സതേൺ സർക്കിൾ).
6. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ,.................................
7. വൈൽഡ്ലൈഫ് വാർഡൻ,..............................................
8. അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, സോഷ്യൽ ഫോറസ്ട്രി..................
9. റെയിഞ്ച് ഓഫീസർ, .........................................
10. ഇ5-സെക്ഷന്/ എച്ച്-സെക്ഷന്/ സ്റ്റോക്ക് ഫയൽ.

*D: \Raju 2012\CCF (A)\Proceedings\E3-6704-11 (a) M.doc*